**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 757** **11.07.2016- ൽ മറുപടിക്ക്**

**കാസർകോട് നിയോജക മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | കാസർകോട് അസംബ്ലി നിയോജക മണ്ഡലത്തിലെ മുളേളരിയ - അർളപ്പദവ് റോഡ്, ചെർക്കള - കല്ലടക്ക റോഡ്, ബദിയടുക്ക - കിന്നിങ്കാർ - സൂളപ്പദവ് റോഡ്, ചൌക്കി - ഉളിയത്തടുക്ക റോഡ്, ചേരങ്കൈ കടപ്പുറം - ലൈറ്റ് ഹൗസ് റോഡ് എന്നീ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡുകൾ നിർമ്മിച്ചത് ഏത് വർഷങ്ങളിലാണെന്നും നിർമ്മാണത്തിനു ശേഷം അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോയെന്നും എങ്കിൽ എത്ര പ്രാവശ്യം നടത്തിയെന്നും എത്ര തുക ഓരോ റോഡിനും ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | 1. ചൗക്കി - ഉളയത്തടുക്ക – എസ്.പി. നഗർ - കോപ്പ റോഡ് അഭിവൃദ്ധി പ്പെടുത്തുന്ന പ്രവൃത്തി 2013-ൽ പൂർത്തീകരിച്ചു. അതിനുശേഷം ഈ റോഡിന്റെ ഉപരിതലത്തിന് കേടുപാടുകൾ തീർക്കുന്നതിന് 17.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>2. ചേരങ്കൈ കടപ്പുറം - ലൈറ്റ് ഹൗസ് റോഡ് പുനരുദ്ധാരണത്തിനുവേണ്ടി 2009-10 വർഷത്തിൽ 378.00 ലക്ഷത്തിന്റെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 2013 മുതൽ 2016 വരെയുള്ള കാലയളവിൽ 8 ലക്ഷം രൂപ ചെലവഴിച്ചിരുന്നു. |

3. മുള്ളേരിയ – നാട്ടക്കൽ - അർളപദവ് റോഡ് 2013–14 വർഷത്തിൽ ഈ റോഡിന്റെ ഉപരിതലം പുതുക്കുന്നതിനു വേണ്ടി 70.00 ലക്ഷം രൂപയുടെ പ്രവൃത്തി നടത്തിയിരുന്നു. ഇതു കൂടാതെ ഈ റോഡിൽ നടത്തിയ അറ്റകുറ്റപ്പണികളുടെ എണ്ണവും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു:

2007 മുതൽ 2016 വരെയുള്ള കാലയളവിൽ ഈ റോഡിൽ 23 അറ്റകുറ്റപ്പണികൾക്കായി ആകെ 97.85 ലക്ഷം രൂപ അനുവദിച്ചിരുന്നു.

4. കല്ലടുക്ക – ചെർക്കള റോഡ് 2003-04 സാമ്പത്തിക വർഷത്തിൽ സി.ആർ എഫ് പദ്ധതിയിൽപ്പെടുത്തി പ്രസ്തുത റോഡിന്റെ ബി.എം - ബി.സി പ്രവൃത്തി നടത്തിയിരുന്നു. 2010-16 വരെയുള്ള കാലയളവിൽ ആകെ 62 പ്രവൃത്തികൾക്കായി 347.65 ലക്ഷം രൂപ അനുവദിച്ചിരുന്നു.

5.ബദിയടുക്ക - കിന്നിംഗാർ -സൂളപദവ് റോഡിന്റെ 2008 മുതൽ 2016 വരെയുള്ള കാലയളവിൽ 42 അറ്റകുറ്റ പ്രവൃത്തികൾക്കായി ആകെ 325.65 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(സി പ്രസ്തുത റോഡുകൾ പുനർനിർമ്മിക്കുന്നതിന് ആലോചനയുണ്ടോ; ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രസ്തുത തുകയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോഴാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ?

(സി) മേൽ പരാമർശിത റോഡുകളുടെ പുനരുദ്ധാരണത്തിന് പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായതിനുശേഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ വിഷയം പരിഗണിക്കുവാൻ കഴിയും.

സെക്ഷൻ ഓഫീസർ